"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - എക്സൈസ് - ഭരണപരം - അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലെ 01.01.2004 മുതലുള്ള സിനീയോരിറ്റി ലിസ്റ്റ് പുന:ക്രമീകരിക്കുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു,

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.328/2026/TAXES തീയതി,തിരുവനന്തപുരം, 17-03-2026

---

പരാമർശം:- 1. 22.05.2024 തിയതിയിലെ സ.ഉ(സാധാ) നം. 425/2024/ നികുതി.

2. 17.12.2025 തിയതിയിലെ സ.ഉ.(സാധാ) നം. 1078/2025/നികുതി.

3. പുനപരിശോധനാ കമ്മറ്റിയുടെ 14.01.2026 തീയതിയിലെ റിപ്പോർട്ട്

4 എക്സൈസ് കമ്മീഷണറുടെ 23.01.2026 തീയതിയിലെ EXC/5771/2025-XD3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എക്സൈസ് വകുപ്പിലെ എക്സൈസ് ഇൻസ്പെക്ടർമാരുടെ 01.01.2004 മുതലുള്ള കാലയളവിലെ സീനിയോരിറ്റി ലിസ്റ്റ് പുനഃക്രമീകരിക്കുന്നതിന് സൂചന (1) പ്രകാരം രൂപീകരിച്ച കമ്മിറ്റിയെ, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലെ 01.01.2004 മുതലുള്ള സീനിയോരിറ്റി ലിസ്റ്റ് പുനഃപരിശോധിക്കുന്നതിലേക്ക് കൂടി സൂചന (2) പ്രകാരം ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത കമ്മിറ്റി സൂചന (3) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലെ 01.01.2004 മുതൽ നാളിതുവരെയുള്ള സീനിയോരിറ്റി ലിസ്റ്റുകൾ പുന:ക്രമീകരിക്കുന്നതിനും ശിപാർശകൾ അംഗീകരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനും സൂചന (4) പ്രകാരം എക്സൈസ് കമ്മീഷണർ അനുമതി ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എക്സൈസ് വകുപ്പിലെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരുടെ 01.01.2004 മുതലുള്ള കാലയളവിലെ

സീനിയോരിറ്റി ലിസ്റ്റ് പുന:ക്രമീകരിക്കുന്നതിന് സർക്കാർ രൂപികരിച്ച പുന:പരിശോധനാ കമ്മിറ്റി സൂചന (3) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലെ സീനിയോരിറ്റി ലിസ്റ്റുകൾ പുന:ക്രമീകരിക്കുന്നതിന് എക്സൈസ് കമ്മീഷണറെ ചുമതലപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
അഡിഷണൽ സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ , തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ ഇ.ആർ.എസ്.എ), കേരളം, തിരുവനന്തപുരം
3. വെബ് & ന്യൂ മീഡിയ
4. കരുതൽ ഫയൽ /ഓഫീസ് കോപ്പി (എഫ്1/53/2026-നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Vivil Kumar
സെക്ഷൻ ഓഫീസർ
Date: 17-03-2026 10:38:59